**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2544** **13-02-2024 - ൽ മറുപടിയ്ക്ക്**

**കിഫ്ബി പദ്ധതി -കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ കോട്ടക്കൽ നഗരസഭ മാർക്കറ്റ് ആധുനികവൽക്കരണം എന്ന പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമായിട്ടുള്ള കോട്ടക്കൽ മണ്ഡലത്തിലെ 'കോട്ടയ്ക്കൽ നഗരസഭ മാർക്കറ്റ് ആധുനികരണം' എന്ന പ്രവൃത്തിയിൽ അത്താണി, ഊട്ടുപാറ എന്നി രണ്ട് മാർക്കറ്റുകൾ ഉൾപ്പെടുന്നു. ടി മാർക്കറ്റുകളുടെ ഡിപിആർ പദ്ധതി നിർവ്വഹണ ഏജൻസി കിഫ്ബിയിൽ സമർപ്പിക്കുകയും ടി ഡിപിആറുകൾ പരിശോധിച്ച് അത്താണി മാർക്കറ്റിനു 9,06,52,036/- രൂപയുടെയും ഊട്ടുപാറ മാർക്കറ്റിനു 10,24,78,491/ രൂപയുടെയും സാമ്പത്തികാനുമതി 09.04.2021 ലെ നടപടിക്രമനം.LSG00604/APR1/2020/KIIFB പ്രകാരം നൽകിയിരുന്നു. ടി മാർക്കറ്റുകളുടെ നിർമ്മാണത്തിന് ആവശ്യമായ Statutory Clearance കളായ Fire NoC, PCB NoC എന്നിവ ലഭിച്ചിട്ടുണ്ട്. ടി മാർക്കറ്റുകളുടെ Design Review കിഫ്ബിയിൽ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പ്രവർത്തിക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ടോ; പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ? | (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് സാങ്കേതിക അനുമതി ഇതുവരെ പദ്ധതി നിർവ്വഹണ ഏജൻസി ലഭ്യമാക്കിയിട്ടില്ല. Design Review പൂർത്തികരിച്ച് Structural Drawings എഞ്ചിനിയറിംഗ് കോളേജിൽ സമർപ്പിച്ച് സൂക്ഷമ പരിശോധന നടത്തി എസ്റ്റിമേറ്റ് പുതുക്കി സാങ്കേതികാനുമതി ലഭ്യമാക്കി തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തികരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുന്നതാണെന്ന് പദ്ധതി നിർവ്വഹണ ഏജൻസി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ